# സംയോജിത ശിശു സംരക്ഷണ പദ്ധതി

## സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം: ശ്രീമതി അനുപമ റ്റി. വി. IAS, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)**

വിഷയം: വനിതാ ശിശു വികസന വകുപ്പ് – ICPS-SARA- ശ്രേയസ്സ് ഫൗണ്ട്‌ലിംഗ് ഹോം – 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് തുക അനുവദിച്ച് – ഉത്തരവാകുന്നു.

പരാമർശം:
1. ശ്രേയസ്സ് ഫൗണ്ട്‌ലിംഗ് ഹോം, തൊടുപുഴ എന്ന SAA യുടെ 23.03.2019-ലെ അപേക്ഷ.
2. ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 27.11.2020 -ലെ PER No. 01/2020-21/ DCPU/IDK/SW നമ്പർ കത്ത്.
3. കേന്ദ്ര സർക്കാർ ഉത്തരവ് നമ്പർ F. No. CW-II-22/30/2015-CW-II തീയതി, 29.01.2020

## ഉത്തരവ് നമ്പർ – ICPS-SARA/3540/2020 തീയതി, 28.12.2020

വനിതാ ശിശു വികസന മന്ത്രാലയവും, സംസ്ഥാന വനിതാ ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി, 2019-20 സാമ്പത്തിക വർഷം അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്ന ഗ്രാന്റ് ലഭിക്കുന്നതിന് ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന ശ്രേയസ്സ് ഫൗണ്ട്‌ലിംഗ് ഹോം, തൊടുപുഴ എന്ന അംഗീകൃത ദത്തെടുക്കൽ സ്ഥാപനം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയതുപ്രകാരം സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന ശ്രേയസ്സ് ഫൗണ്ട്‌ലിംഗ് ഹോം, തൊടുപുഴ എന്ന സ്ഥാപനത്തിന് പരാമർശം (3) പ്രകാരം കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്തിരിക്കുന്ന തുകയായ 5,68,087/- രൂപയുടെ 10% എൻ.ജി.ഒ. വിഹിതമായ 56,809/- രൂപ കുറച്ച് ബാക്കി വരുന്ന തുകയായ 5,11,278/- രൂപ സ്ഥാപനത്തിന് അനുവദിക്കാവുന്നതാണ്.

ഈ സാഹചര്യത്തിൽ, അംഗീകൃത ദത്തെടുക്കൽ സ്ഥാപനമായ ശ്രേയസ്സ് ഫൗണ്ട്‌ലിംഗ് ഹോം, തൊടുപുഴ, ഇടുക്കി എന്ന സ്ഥാപനത്തിന് 2019-20 സാമ്പത്തിക വർഷത്തെ ഗ്രാന്റ് ഇനത്തിൽ 5,11,278/- രൂപ (അഞ്ച് ലക്ഷത്തി പതിനൊന്നായിരത്തി ഇരുന്നൂറ്റി എഴുപത്തി എട്ട് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്. -ന്റെ 2235-02-102-61-34 OC എന്ന ശീർഷകത്തിൽ നിന്നും (SAA ഗ്രാന്റ്-ഇൻ എയ്ഡ് കംപോണന്റ്) Sreyas Foundling Home (ICPS Grant), Bank: Catholic Syrian Bank, Paynkulam Acc. No. 0351 03417119 190001 IFSC: CSBK0000351 എന്ന അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റ് ചെയ്തു നൽകേണ്ടതാണ്. സ്ഥാപന മേധാവി തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**വനിതാ ശിശു വികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി, സാരാ**

സൂപ്രണ്ട്
ശ്രേയസ്സ് ഫൗണ്ട്‌ലിംഗ് ഹോം, തൊടുപുഴ

പകർപ്പ്:-

1. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ഇടുക്കി
2. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ഇടുക്കി
3. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനു വേണ്ടി)
4. സൂപ്രണ്ട്, ബി സെക്ഷൻ
5. ഐ.സി.പി.എസ്. 4
6. ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ
7. വെബ്സൈറ്റ്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്